**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1188. 04.02.2019 -ലെ മറുപടിയ്ക്ക്.

## സബ് രജിസ്ട്രാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**,, രാജു എബ്രഹാം**<br>**,, എം. സ്വരാജ്**<br>**,, ഐ.ബി. സതീഷ്** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന സംവിധാനം ഏർപ്പെടുത്തി. പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തി.<br><br>2) വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.<br><br>3) വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാര ഇടപാടുകളിൻമേൽ മുദ്രവില ഈടാക്കുന്നതിനുള്ള മാനദണ്ഡം ഗൈഡ് ലൈൻ വാല്യു എന്ന രീതിയ്ക്ക് പകരമായി സംസ്ഥാനത്തെ ഭൂമിയ്ക്ക് സർക്കാർ |

നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൻമേലുള്ള അപാകതകൾ പരിഹരിക്കുന്നതിനായി ഭൂവില യുക്തിപരമായി പുതുക്കി നിശ്ചയിച്ചു.

4) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേയ്മെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

5) ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തി.

6) ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിലൂടെ പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

7) ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നുണ്ട്.

8) പാർട്ണർഷിപ്പ് ഫേം, സൊസൈറ്റി എന്നിവ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9) സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 18 ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചു.

10) ഡിജിറ്റൈസേഷൻ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

| | |
|---|---|
| (ബി) ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി കക്ഷികൾ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. എന്നാൽ ആധാരത്തിന്റെ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനും, ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും കൂടുതൽ സൗകര്യപ്രദമാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളും, ഇൻഡക്സ് രജിസ്റ്ററുകളും ഡിജിറ്റൽ രൂപത്തിലാക്കി സംരക്ഷിക്കുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതോടെ അക്കൗണ്ട് രജിസ്റ്ററുകൾ ഭാഗികമായും, ഇൻഡക്സ് രജിസ്റ്ററുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയിട്ടുണ്ട്. രജിസ്റ്റർ വാല്യങ്ങൾ സൗകര്യപ്രദമായി കൈകാര്യം ചെയ്യുന്നതിനു വേണ്ടി ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3- യിൽ നിന്നും A4 ആയി കുറയ്ക്കുകയും, രജിസ്റ്റർ വാല്യത്തിലെ പേജുകളുടെ എണ്ണം 500-ൽ നിന്നും 250 ആയി കുറയ്ക്കുകയും ചെയ്തു. |
| (ഡി) സബ് രജിസ്ട്രാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങളുടെ ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ? | (ഇ) കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തി, 2017 മെയ് മാസം മുതൽ സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ട്രഷറി വകുപ്പിന്റെയും, |

കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെയുള്ള മുദ്രപ്പത്രങ്ങൾക്കും ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും കൂടി ഇ-സ്റ്റാമ്പിംഗ് ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ